64 (847) കേരളത്തിലെ ബി. എഡ്. സെന്ററുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബി.എഡ് കോളേജുകളും ബി.എഡ്. സെന്ററുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇതിൽ യൂണിവേഴ്സിറ്റികൾ നേരിട്ട് നടത്തുന്നവ, സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും ഉള്ളവ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ബി.എഡ്. കോളേജുകൾ, സെന്ററുകൾ എന്നിവയെക്കുറിച്ച് എന്തെല്ലാം പരാമർശങ്ങളാണ് ദേശിയ വിദ്യാഭ്യാസ ഗവേഷണ കൗൺസിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പരാമർശങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഹാനികരമാണോ;

(ഇ) എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന ബി.എഡ് സെന്ററുകളുടെ/കോളേജുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† യൂണിവേഴ്സിറ്റികൾ നടത്തുന്ന സെന്ററുകളുടേയും അൺ എയിഡഡ് സെന്ററുകളുടേയും വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.+

(സി) ദേശീയ വിദ്യാഭ്യാസ ഗവേഷണ കൗൺസിൽ ഇക്കാര്യത്തിൽ പരാമർശങ്ങൾ നടത്തിയതായി അറിവില്ല. എന്നാൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള പരാമർശങ്ങൾ ചുവടെ ചാർക്കുന്നു.

1:10 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കപ്പെടുന്നില്ല. ലാബോറട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത, ലൈബ്രറിയുടെ നിലവാരനില്ലായ്മ, കെട്ടിടസൗകര്യങ്ങൾ, ഫർണിച്ചർ, പഠനോപകരണങ്ങൾ. കളിസ്ഥലം എന്നിവയുടെ അപര്യാപ്തത തുടങ്ങിയവ.

(ഡി&ഇ) പോരായ്മകൾ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. എൻ. സി.റ്റി. നിർദ്ദേശിച്ച പോരായ്മകൾ പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തെ സംബന്ധിച്ച് നിബന്ധനയോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ല. മറ്റു നിബന്ധനകൾ നടപ്പാക്കാൻ അവകാശം വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

---

† അനുബന്ധം – 2

201/2010.

LIBRARY ARCHIVES Kerala Legislative Assembly

41. വിവാഹാവശ്യങ്ങൾക്കും മറ്റുമുള്ള ഉപകരണങ്ങൾ വാടകയ്ക്ക് നല്കുന്നതിനുള്ള വായ്പ

42. വിദേശത്ത് തൊഴിൽ തേടുന്നവർക്കുള്ള ധനസഹായം

43. വിവാഹധനസഹായ വായ്പാ പദ്ധതി

44. പച്ചക്കറി കച്ചവടം (ഉന്തുവണ്ടി)

45. തുണിക്കച്ചവടം (തലച്ചുമട്)

46. മൈക്കുസെറ്റ് വാടകയ്ക്ക് നല്കുന്നതിനുള്ള വായ്പാ പദ്ധതി

47. കമ്പ്യൂട്ടർ വായ്പാ പദ്ധതി

48. ഇടത്തരം വരുമാനക്കാർക്കും (എം. ഐ. ജി) താഴ്ന്ന വരുമാനക്കാർക്കുമുള്ള(എൽ. ഐ. ജി) ഭവന നിർമ്മാണ പദ്ധതി

കൂടാതെ ഈ വർഷം മുതൽ 50000 രൂപ വരെ വായ്പ നല്കി സ്വയം തൊഴിൽ ആരംഭിക്കുവാനും ദാരിദ്ര്യരേഖയുടെ ഇരട്ടിയിൽ താഴെ വരുമാനമുള്ള പിന്നോക്ക വിഭാഗക്കാർക്ക് സഹായം നല്കുന്നതാണ്.

അനുബന്ധം - 2

(29.6.99 നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61 (847) ന്റെ ഉത്തരം കാണുക

1. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ബി.എഡ് സെന്ററുകൾ/കോളേജുകൾ

ആകെ നാലു സെന്ററുകൾ.

വിശദവിവരം ചുവടെ:

1. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻസ്, തിരുവനന്തപുരം
2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ
3. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്.
4. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി.

ii. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ബി. എഡ് സെന്ററുകൾ/കോളേജുകൾ

ആകെ 15 സെന്ററുകൾ

വിശദവിവരം ചുവടെ:-

1. മാർത്തിയോഫിലോസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.
2. എസ്. എൻ. ട്രെയിനിംഗ് കോളേജ്, നെടുമങ്ങാട്.
3. കർമ്മല റാണി ട്രെയിനിംഗ് കോളേജ്, കൊല്ലം.
4. മൗണ്ട് ടാബൂർ ട്രെയിനിംഗ് കോളേജ്, പത്തനാപുരം.
5. എൻ. എസ്. ട്രെയിനിംഗ് കോളേജ്, പന്തളം.
6. പീറ്റ്മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, മാവേലിക്കര
7. ടൈറ്റസ്-2 റ്റീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്, തിരുവല്ല

LIBRARY ARCHIVES Kerala Legislative Assembly

8. എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ്, ചങ്ങാനാശ്ശേരി
9. മൗണ്ട് കാർമ്മൽ ട്രെയിനിംഗ് കോളേജ്, കോട്ടയം
10. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, പാലാ
11. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, മാന്നാനം
12. എസ്. എൻ. എം. ട്രെയിനിംഗ് കോളേജ്, മുത്തകുന്നം
13. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, എറണാകുളം
14. എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം
15. ഫാറൂക്ക് ട്രെയിനിംഗ് കോളേജ്, ഫാറൂക്ക്, കോഴിക്കോട്.

അനുബന്ധം - 3

(29.6.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 171 (954) ന്റെ ഉത്തരം കാണുക)

അഴിമതിയുടെ പേരിൽ ചുവടെ ചേർത്തിരിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്.

1. പഴയകുന്നുമ്മേൽ സർവീസ് സഹകരണബാങ്ക്
2. ആംകോസ്, ആറ്റിങ്ങൽ.
3. കക്കാകുന്ന് വനിതാ സഹകരണസംഘം
4. ഐ. എസ്. ആർ. ഒ. സഹകരണസംഘം
5. പനക്കോട് സർവീസ് സഹകരണ ബാങ്ക്
6. നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ലാ സഹകരണസംഘം
7. പള്ളിച്ചൽ ഫാർമേഴ്സ് സഹകരണ ബാങ്ക് (പിരിച്ചുവിട്ട നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു.)
8. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
9. കൊല്ലം ജില്ലാ മോട്ടോർ മെക്കാനിക്കൽ ആന്റ് ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണസംഘം ക്ലിപ്തം, നം. കൃ.യു. 1040.
10. രാജീവ്ഗാന്ധി സഹകരണ ആശുപത്രി നം. 1041.
11. പുതക്കുളം സർവീസ് സഹകരണബാങ്ക് ക്ലിപ്തം നം. 2944.
12. കൊല്ലൂർവിള സർവീസ് സഹകരണബാങ്ക് ക്ലിപ്തം നം. കൃ.യു. 214
13. ശാസ്താംകോട്ട കാർഷിക ഗ്രാമവികസനബാങ്ക് ക്ലിപ്തം കൃ.യു. 373.
14. ചേർത്തല സഹകരണ അർബൻ ബാങ്ക് നം. 2655.
15. മുണ്ടക്കയം റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം കെ. 875.
16. കൊഴുവനാൽ സർവീസ് സഹകരണബാങ്ക് 213.
17. മീനച്ചിൽ സർവീസ് സഹകരണബാങ്ക് കെ. 271.
18. എലിക്കുളം സർവീസ് സഹകരണബാങ്ക് കെ. 158.
19. എളംകുളം സർവീസ് സഹകരണബാങ്ക് 3576.

LIBRARY ARCHIVES Kerala Legislative Assembly